പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8094 — 17.07.2014-ൽ മറുപടിക്ക്

## അംഗീകൃത ബ്ലഡ് ബാങ്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര അംഗീകൃത ബ്ലഡ് ബാങ്കുകളുണ്ടെന്ന് വിശദമാക്കുമോ ; | (എ) 168 അംഗീകൃത ബ്ലഡ് ബാങ്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ബ്ലഡ് ബാങ്കുകൾ രക്തം സ്വീകരിക്കുന്നതിന് മുമ്പായി എന്തൊക്കെ ടെസ്റ്റുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ഡോണർ ഫിറ്റ്നസ് ടെസ്റ്റാണ് ആദ്യമായി നടത്തുന്നത്. ദാതാവിന്റെ രോഗ വിവരങ്ങൾ, നേരത്തെ രക്തം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം, രക്തം വഴി പകരുന്ന രോഗങ്ങളുണ്ടെങ്കിൽ അതിന്റെ സാധ്യത എന്നിവ രക്തം സ്വീകരിക്കുന്നതിനുമുമ്പ് ആരായാറുണ്ട്. |
| (സി) ബ്ലഡ് ബാങ്കുകളിൽ നിന്ന് ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവർക്കാണ് സൗജന്യമായി രക്തം നൽകുന്നതെന്ന് അറിയിക്കുമോ ? | (സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾ, ഹീമോഫീലിയ രോഗികൾ, സിക്കിൾസെൽ അനീമിയ രോഗികൾ, ഗർഭിണികൾ, തലാസീമിയ രോഗികൾ തുടങ്ങിയവർക്ക് ഗവൺമെന്റ് ബ്ലഡ് ബാങ്കുകളിൽ നിന്നും സൗജന്യമായി രക്തം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ